# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6094** **07.11.2016 ൽ മറുപടിയ്ക്ക്**

## വിഷരഹിത പച്ചക്കറി കൃഷിയുടെയും നെൽകൃഷിയുടെയും വ്യാപനം

| ചോദ്യം<br>ശ്രീ.പി.സി.ജോർജ്ജ് | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് വിഷരഹിത പച്ചക്കറി കൃഷിയും നെൽകൃഷിയും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ തയ്യാറാക്കുമെന്ന് പ്രസ്താവിച്ച പ്രത്യേക പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | എ) വിഷരഹിതമായ പഴം, പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനായി 10 കോടി രൂപയുടെ ജൈവകൃഷി വ്യാപനപദ്ധതി നടപ്പിലാക്കുന്നു. അതിൻ പ്രകാരം നല്ല കൃഷിമുറകൾ പാലിച്ച് കൊണ്ട് വിഷരഹിതമായ പഴം, പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് 25 ഹെക്ടർ വീതമുള്ള 292 ക്ലസ്റ്ററുകളിൽ കൃഷിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. പുതിയ 152 ജി എ പി ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിനും, നല്ല കൃഷി മുറകൾ (ജി.എ.പി)പാലിച്ച് കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.<br>കൃഷിയിടങ്ങളിൽ തന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിനായി ഒരു ബ്ലോക്കിൽ 10 റ്റൂറൽ കമ്പോസ്റ്റ് ,10 മണ്ണിര കമ്പോസ്റ്റ് എന്നീ ക്രമത്തിൽ 2920 ജൈവവള നിർമ്മാണ യൂണിറ്റുകൾ 75% സബ്സിഡി നല്കി ആരംഭിച്ചു റ്റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5000/- രൂപ വീതവും മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 7500/-രൂപ വീതവുമാണ് ധനസഹായം.<br>വിഷരഹിത പച്ചക്കറിവ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ആയതിന്റെ വിപണനത്തിനായി 45 ഇക്കോഷോപ്പുകൾ പ്രവർത്തനം ആരംഭിച്ചു<br>ജൈവകൃഷി വ്യാപനത്തിനായി ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജക മണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, എന്നിവയ്ക്ക് നിലവിൽ അവാർഡ് നൽകി വരുന്നു.<br>നല്ല കൃഷി മുറകൾ (ജി.എ.പി)പാലിച്ച് ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ജി.എ.പി സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പായ്ക്കിംഗ്, ലേബലിംഗ് നടത്തി റസിഡന്റ്സ് അസോസിയേഷനുകളിൽ വില്പന നടത്തുന്നതിന് ക്ലസ്റ്ററുകൾക്ക് ധനസഹായം നല്കുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് വിഷരഹിത നെൽകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടം എന്ന നിലയിൽ കരനെൽ കൃഷി വികസനം, പ്രത്യേക നെല്ലിനങ്ങളായ പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല, രക്തശാലി, ബസ്മതി എന്നീ നെല്ലിനങ്ങളുടെ വികസനം എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ ജൈവ കൃഷി രീതിയിലൂടെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി കൃഷിക്കാർക്ക് സഹകരണ ബാങ്കുകളിൽ നിന്നും സഹകരണ സംഘങ്ങളിൽ നിന്നും മറ്റ് ഇതര ബാങ്കുകളിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ കൂടുതൽ തുക കാർഷിക വായ്പയായി ലഭ്യമാക്കുവാൻ പുതിയ ഉത്തരവുകൾ പുറപ്പെടുവിക്കാനുള്ള നടപടി സ്വീകരിക്കുമോ? | ബി) | കൃഷിക്കാർക്ക് സഹകരണ ബാങ്കുകളിൽ നിന്നും സഹകരണ സംഘങ്ങളിൽ നിന്നും മറ്റ് ഇതര ബാങ്കുകളിൽ നിന്നും വായ്പ കുറഞ്ഞ പലിശ നിരക്കിലും, സഹകരണ വകുപ്പുമായി സഹകരിച്ച് പലിശ രഹിത വായ്പയും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

S. [signature]

**സെക്ഷൻ ഓഫീസർ**